**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 857

12.06.2013 ൽ മറുപടിക്ക്

## കായലുകളും പുഴകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ നടപടി

| | ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | കേരളത്തിലെ കായലുകളും തണ്ണീർത്തടങ്ങളും പുഴയോരങ്ങളും സ്വകാര്യവ്യക്തികൾ കയ്യേറി കരഭൂമിയാക്കി മാറ്റുന്നതു തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | (എ) | കായലുകളും തണ്ണീർത്തടങ്ങളും കേരളപഞ്ചായത്തീരാജ്/മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റികളുടെ ഉടമസ്ഥതയിലാണ് വരുന്നത്. എന്നാൽ കായലുകളുടെയും തണ്ണീർത്തടങ്ങളുടെയും കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ ബന്ധപ്പെട്ടവർ റവന്യൂ/പോലീസ് അധികാരികളെ അറിയിച്ച് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കായലുകളും തണ്ണീർത്തടങ്ങളും പുഴയോരങ്ങളും കയ്യേറ്റത്തിൽനിന്ന് സംരക്ഷിക്കുന്നതിന് വനം സംരക്ഷണ മാതൃകയിൽ അതിർത്തികൾ നിശ്ചയിച്ച് 'ജണ്ഡ' നിർമ്മിക്കുന്ന രീതി അവലംബിക്കാൻ പദ്ധതി തയ്യാറാകുമോ; | (ബി) & (സി) | ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ വകുപ്പിന്റെ പരിശോധനയിലില്ല. |
| (സി) | കായൽ - തണ്ണീർത്തട - പുഴയോര സംരക്ഷണം മുൻനിർത്തി, വനസംരക്ഷണ സേനയുടെ മാതൃകയിൽ ഒരു സേനയ്ക്കു രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ